# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.908 | 30.10.2019 ന് മറുപടിയ്ക്ക്

## നാദാപുരം ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി 2008-ൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. വിനോദ സഞ്ചാരികൾക്കും, പഠന ഗവേഷണ വിദ്യാർത്ഥികൾക്കും മറ്റും, വനവും ജീവജാലങ്ങളും കണ്ട് ആസ്വദിക്കുവാനും, പഠിക്കുവാനും ഉതകുന്ന തരത്തിലുള്ളതാണ് ഈ വന പ്രദേശം. വനത്തിലൂടെ ട്രക്കിംഗ് നടത്തുന്നതിനും, വേനൽക്കാലത്ത് പുഴയിൽ കുളിക്കുന്നതിനും, ഔഷധ സസ്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഇവിടെ ഉണ്ട്. ധാരാളം സഞ്ചാരികളെ ആകർഷിക്കുന്ന ഈ ഇക്കോടൂറിസം പദ്ധതി നിലവിൽ നല്ലനിലയിൽ പ്രവർത്തനം നടത്തി വരുന്നു. |
| (ബി) | ഇതിന്റെ പൂർത്തീകരണത്തിന് എന്തൊക്കെ പദ്ധതികൾ ആലോചനയിൽ ഉണ്ട് എന്ന് വിശദമാക്കാമോ; | (ബി) | ജാനകിക്കാട് ഇക്കോടൂറിസം പദ്ധതി പ്രദേശത്ത് നിലവിൽ സഞ്ചാരികൾക്ക് അവശ്യം വേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതോടൊപ്പം ടി ഇക്കോടൂറിസം പ്രദേശത്തേക്കുള്ള റോഡിന്റെ അറ്റകുറ്റ പണി, ഒരു ബട്ടർഫ്ളൈ പാർക്കിന്റെ നിർമ്മാണം, ഫലവൃക്ഷ തൈകളും, അലങ്കാര വൃക്ഷങ്ങളും നടീൽ, സന്ദർശകർക്കായി ഇരിപ്പടങ്ങങ്ങൾ, വിശ്രമ കേന്ദ്രം, സുരക്ഷാ വേലി തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമല്ലാത്തായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദ മാക്കാമോ ? | (ഡി) | പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡിന്റെ റിപ്പയറിംഗ് ചെയ്യുന്നതിനായി 2018-19-ൽ പി.ഡബ്ല്യൂഡി മുഖാന്തിരം ഒരു അടങ്കൽ തയ്യാറാക്കിയിരുന്നു. എന്നാൽ, ടി റോഡ് ഇറിഗേഷൻ വകുപ്പിന്റെ കൈവശമായതിനാൽ ടി വകുപ്പിന്റെ അംഗീകാരം ലഭിച്ചത് 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിലായിരുന്നു. അതിനാലും മറ്റ് സാങ്കേതിക തടസ്സങ്ങളാലും ടി റോഡിന്റെ റിപ്പയറിംഗ് പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷം നടത്തുവാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ റോഡു നവീകരണത്തിന് പ്രാമുഖ്യം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ